# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.4)1200/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 10/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.4)1200/2023 തീയ്യതി: 10/10/2023

## എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു എസ്സ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 18-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 18-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പോളി ടി.ഒ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.
ശ്രീ. സന്തോഷ് കുമാർ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ.
ശ്രീ.കിരൺ കെ.എസ്., ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സെബി കിടങ്ങേൻ | പ്രസിഡന്റ് | 01-04-2022 | 18-01-2023 |

| | | | |
|---|---|---|---|
| ശ്രീ.വിൻസൻ കോയിക്കര | പ്രസിഡന്റ് | 19-01-2023 | 31-03-2023 |
| ശ്രീ.അജയകുമാർ പി. | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീമതി.ജയറാണി പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 06-10-2022 |
| ശ്രീ.ഷാജൻ എ വി | സെക്രട്ടറി | 07-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ജയറാണി പി. | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.നിലീന റാഫേൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ.പോൾസൺ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി രശ്മി കെ. പിളള | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.റസിയ പി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ബേസിൽ പോൾ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ഡോ. ബിന്ദു തോമസ് | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 15-06-2022 |
| ഡോ.രശ്മി വി.എൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 16-06-2022 | 31-03-2023 |
| ഡോ.ഷൈമ സലിം | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ശ്രീ.പ്രശാന്ത് ഇ.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.രാജൻ പി.കെ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സബീന ടി.എം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ഇൻകം & എക്സ്പെന്റിചർ അക്കൗണ്ടിലെ ബാലൻസ് തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത് | 1-1-1 |
| 3 | വെവ്വേറെ ബാങ്ക് ബുക്കുകൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകുന്നത് | 1-1-2 |
| 4 | ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള നികുതി കുടിശ്ശികയും അതത് രജിസ്റ്ററുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമപദ്ധതികൾ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | തനതു വരുമാനം - അവലോകനം | 1-11 |
| 15 | ശുചിത്വവും ഹരിതാഭവുമായ ഗ്രാമം-അവലോകന റിപ്പോർട്ട് | 1-12 |
| 16 | പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ്,സേവന ഉപനികുതി സാധ്യത പരിശോധിക്കാവുന്നതാണ് | 1-13 |
| 17 | തൊഴിൽ നികുതി - അപാകതകൾ | 1-14 |
| 18 | വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു | 1-15 |
| 19 | ഉപയോഗിക്കാത്ത പൊതുടാപ്പുകൾ വിച്ഛേദിക്കൽ- നടപടികൾ വേഗത്തിലാക്കണം | 1-16 |
| 20 | സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷനായി കെ.എസ്.ഇ.ബി. ക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല | 1-17 |
| 21 | തുക കൈമാറിയെങ്കിലും വാഴത്തൈകൾ ലഭ്യമായില്ല. | 1-18 |
| 22 | എസ് എസ് എ വിഹിതം-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല. | 1-19 |
| 23 | സാന്ത്വന പരിചരണം- അപാകതകൾ | 1-20 |
| 24 | തുക കൈമാറിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല. | 1-21 |
| 25 | സർക്കാർ സ്കൂളിലെ അർഹരായ എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-22 |
| 26 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി-അനുവദനീയമായ പരമാവധി തുകയേക്കാൾ അധിക തുക നൽകി | 1-23 |
| 27 | സ്ഥിരനിക്ഷേപം നടത്തുന്നില്ല | 1-24 |

| | | |
|---|---|---|
| 28 | റോഡ് കണക്ടിവിറ്റി മാപ്പ് - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല | 1-25 |
| 29 | NREGS – പൊതുവായ അപാകതകൾ | 1-26 |
| 30 | ചിറ - ഫിഷ് ഫാം ലേലം ചെയ്തിട്ടില്ല | 1-27 |
| 31 | ലേലം നടക്കാത്തതിന്റെ കാരണം വ്യക്തമല്ല. | 1-28 |
| 32 | റെസ്റ്റോറേഷൻ ചാർജ് ഫോർ റോഡ് കട്ടിംഗ് - പ്രവൃത്തി ചെയ്തതിന്റെ കൃത്യത പരിശോധിക്കുന്നില്ല. | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി-അനുവദനീയമായ പരമാവധി തുകയേക്കാൾ അധിക തുക നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകളുടെ വിവരം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | സ്ഥിരനിക്ഷേപം | 4-5 |
| 6 | വായ്പ/ വായ്പാ തിരിച്ചടവ് | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2023 ലെ (1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.06.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി: 10/10/2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിലെ ബാലൻസ് തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത്

ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിലെ ബാലൻസ് തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത്. ബാലൻസ് ഷീറ്റിൽ വരുന്ന തുക എപ്രകാരം ലഭിച്ചു എന്നും വ്യക്തമല്ല.

### 1-1-2 വെവ്വേറെ ബാങ്ക് ബുക്കുകൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകുന്നത്

വെവ്വേറെ ബാങ്ക് ബുക്കുകൾക്ക് ഒരേ അക്കൗണ്ട് ഹെഡ് നൽകിയിട്ടുള്ളതിനാൽ ട്രയൽ ബാലൻസിൽ പല ബാങ്ക് ബുക്കുകളുടേയും തുകകൾ ഒരുമിച്ചാണ് വരുന്നത്. ആയതിനാൽ ഓരോ ബാങ്ക് ബുക്കിന്റേയും ക്ലോസിംഗ് ബാലൻസാണോ അടുത്ത വർഷം ഓപ്പണിംഗ് ബാലൻസായി എടുത്തിരിക്കുന്നത് എന്ന് പരിശോധിക്കാനാകുന്നില്ല.

### 1-1-3 ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള നികുതി കുടിശ്ശികയും അതത് രജിസ്റ്ററുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള നികുതി കുടിശ്ശികയും അതത് രജിസ്റ്ററുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 19.03.2022 തീയതിയിലെ (1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 27.02.2023 തീയതിയിലെ (1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2022-2023 പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1,09,22,771 | 21,68,23,904 | 22,77,46,675 | 22,55,85,280 | 21,61,395 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,40,91,717 |
| വരവ് | 4,96,79,835 |
| ആകെ | 7,37,71,552 |
| ചെലവ് | 3,72,16,050 |
| നീക്കിയിരിപ്പ് | 3,65,55,502 |

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. മറ്റ് ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർന്നുള്ള ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 1,79,66,520 | 1,79,66,520 | 1,67,60,095 | 12,06,425 | |
| വികസനഫണ്ട്-എസ്.സി.പി. | 0 | 54,99,000 | 54,99,000 | 49,26,730 | 5,72,270 | |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 1,06,25,300 | 1,06,25,300 | 72,11,287 | 34,14,013 | |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 69,04,000 | 69,04,000 | 69,04,000 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-ട്രഷറി | 0 | 19,449 | 19,449 | 0 | 19,449 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-Bank | 18,72,089 | 47,34,000 | 66,06,089 | 9,83,308 | 0 | 56,22,781 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic- Bank | 3,59,866 | 33,03,359* | 36,63,225 | 30,71,866 | 0 | 5,91,359 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic-ട്രഷറി | 0 | 75 | 75 | 0 | 75 | |
| കേന്ദ്രാവിഷ്കൃത | 6,40,836 | 10,18,488 | 16,59,324 | 3,20,489 | 0 | 13,38,835 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ-അംഗൻവാടി പൂരക പോഷകാഹാരം-320100125 | | | | | | |
| 320100160--life Mission-state Share | 2,80,000 | 22,40,000 | 25,20,000 | 19,80,000 | 0 | 5,40,000 |
| 320100190-Vimukthy | 29,745 | 0 | 29,745 | 10,000 | 0 | 19,745 |
| 320100198-grant From Suchitwa Mission | 16,91,504 | 0 | 16,91,504 | 3,97,262 | 0 | 12,94,242 |
| 320200207-Ayurveda-capital | 0 | 4,50,000 | 4,50,000 | 0 | 0 | 4,50,000 |

* പലിശ ₹1,47,359/- ഉൾപ്പെടെ

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 188 | 10,47,65,022 | 178 | 5,19,64,356 | 55 | 10 | 123 | 65.4% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 14,112 | 11,04,568 | 11,18,680 | 11,18,093 | 587 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 3,25,74,184 | 3,25,74,184 | 3,25,74,184 | 0 |
| ആകെ | 14,112 | 3,36,78,752 | 3,36,92,864 | 3,36,92,277 | 587 |

നീക്കിയിരിപ്പ് തുക വാർഷിക ധനകാര്യ പത്രിക പ്രകാരം ₹ 588/- ആണ്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 57,38,200 | 565 |
| വിധവാ പെൻഷൻ | 1,09,93,100 | 1145 |
| വാർദ്ധക്യകാല പെൻഷൻ | 2,38,18,900 | 2562 |
| വികലാംഗ പെൻഷൻ | 36,15,600 | 340 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 8,88,400 | 86 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2023 തീയതിയിൽ ഉച്ചയ്ക്ക് 3.15ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹32,883 ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. പുതിയതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല.
വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്റ്റുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ ,ക്ഷേമ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2022 | 09/2019 | 28.10.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19/02/2015 മുതൽ 04.03.2015 വരെ | 2009-10 മുതൽ 2013-14 വരെ | 19.05.2015 |

## 1-11 തനതു വരുമാനം - അവലോകനം

17 വാർഡുകളിലായി വ്യാപിച്ചാണ് മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി- നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2022-23 സാമ്പത്തിക വർഷം 89% വസ്തു നികുതി മാത്രമാണ് ഗ്രാമപഞ്ചായത്ത് പിരിച്ചെടുത്തിട്ടുള്ളത്. പഞ്ചായത്തിന്റെ തനതുവരുമാനത്തിന്റെ മുഖ്യസ്രോതസ്സായ വസ്തുനികുതി 100% പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഭരണസമിതി സ്വീകരിക്കേണ്ടതാണ്. സ.ഉ 25/2023/തസ്വഭവ ; 05.04.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. ആയതുപ്രകാരം 09.05.2023 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

സഞ്ചയ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം വരെ നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗ് നടത്തിയിട്ടുള്ള പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ 5% വർദ്ധനവ് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം. പ്രസ്തുത പരിശോധനയിലൂടെ വസ്തുനികുതി ഇനത്തിലൂടെയുള്ള നികുതി ചോർച്ച കുറയ്ക്കാവുന്നതാണ്.

2011-ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ(ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ,ഡ്രൈനേജ്) അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിന്റെ സാധ്യത പഞ്ചായത്ത് ഭരണസമിതിക്ക് പരിശോധിക്കാവുന്നതാണ്.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവ്വോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നതും. ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്.

1-12 ശുചിത്വവും ഹരിതാഭവുമായ ഗ്രാമം-അവലോകന റിപ്പോർട്ട്

ശുചിത്വവും ഹരിതാഭവുമായ ഗ്രാമം എന്ന ലക്ഷ്യങ്ങളിലേക്ക് മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് കൈവരിച്ച നേട്ടങ്ങൾ/ഏറ്റെടുത്ത പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകനം

1. വിവരശേഖരണം

ജൈവ അജൈവ മാലിന്യങ്ങളുടെ ഉറവിടത്തെ കുറിച്ചുള്ള ഗാർഹിക ഗാർഹികേതര വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ഹോട്ടലുകൾ, ആരാധനാലയങ്ങൾ, ആതുരാലയങ്ങൾ, മറ്റുള്ളവ എന്നീ സ്ഥാപനങ്ങളിൽ മാലിന്യങ്ങൾ ഉണ്ടാകുന്നതിനെക്കുറിച്ചുള്ള വിവരശേഖരണം ഹരിതകർമ്മസേനാംഗങ്ങൾ, കുടുംബശ്രീ എന്നിവ വഴി പഞ്ചായത്തിൽ നടത്തിയിയിട്ടുണ്ട്.ജൈവ മാലിന്യ സംസ്കരണത്തിന് കഴിഞ്ഞ 5 വർഷങ്ങളിലായി റിംഗ് കമ്പോസ്റ്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബയോബിൻ വീടുകളിലും സ്ഥാപനങ്ങളിലും ലഭ്യമാക്കുന്ന പദ്ധതി 2023-24 ൽ ആവിഷ്കരിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ, പ്ലാസ്റ്റിക് പ്ലാസ്റ്റിക്കേതര മാലിന്യങ്ങളായി തരം തിരിക്കുവാൻ നിശ്ചിത ദിവസം തീരുമാനിച്ചുള്ള പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ശേഖരിക്കുന്ന മാലിന്യം 3 മിനി എം.സി. എഫു കളിൽ കൊണ്ടുവരികയും അവിടെ നിന്ന് എം.സി.എഫിലേക്ക് കൊണ്ടു പോകുകയും ചെയ്യുന്നു. KL-63 G 3614 നമ്പർ മിനി പിക്കപ് വാൻ വാടകക്ക് എടുത്താണ് മാലിന്യ നീക്കം നടത്തുന്നത്. വാടക കെട്ടിടത്തിലാണ് എം.സി.എഫ് പ്രവർത്തിക്കുന്നത്.

2. ഹരിതകർമ്മസേനയുടെ പ്രവർത്തനം,

എല്ലാ മാസവും പ്ലാസ്റ്റിക്ക് മാലിന്യങ്ങളും , പ്രവർത്തനകലണ്ടർ പ്രകാരം മറ്റ് അജൈവ പാഴ്വസ്തുക്കളും ശേഖരിച്ച് പഞ്ചായത്തിനെ ഹരിത സുന്ദര ഗ്രാമമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ ക്രമപ്പെടുത്തിയിരിക്കുന്നു. 2022 മാർച്ച് മാസം മുതൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചു. 17 വാർഡുകളിലായി 34 അംഗങ്ങളാണ് നിലവിലുള്ളത്. നാലു ഗ്രൂപ്പുകളായി തിരിഞ്ഞാണ് പ്രവർത്തനം. തെരഞ്ഞെടുത്ത 8 അംഗങ്ങൾ ചേർന്ന് ഹരിതകർമ്മസേന കൺസോർഷ്യം രൂപീകരിച്ച് കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പണമിടപാടുകൾ നടത്തുന്നതിന് യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ ഒരു സംയുക്ത അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. വീടുകളിൽ നിന്നും ₹50/-, സ്ഥാപനങ്ങളിൽ നിന്നും ₹100/- എന്നീ നിരക്കിൽ ഈടാക്കുന്ന യൂസർഫീയുടെ 10 % കൺസോർഷ്യം ഫണ്ടിൽ നിക്ഷേപിച്ചതിനു ശേഷമുള്ള തുക ഇവരുടെ വേതനമായി എടുക്കുന്നു. ആദ്യമാസങ്ങളിൽ വേതനത്തിലുള്ള കുറവ് നികത്താൻ വയബിലിറ്റി ഗ്യാപ് ഫണ്ടിൽ നിന്നും തുക അനുവദിച്ചിരുന്നു. നിലവിൽ യൂസർഫീ കളക്ഷനിൽ നിന്നും വേതനം നൽകി വരുന്നു. നാളിതുവരെ പ്ലാസ്റ്റിക് തരംതിരിച്ച് നൽകിയ ഇനത്തിൽ ₹62,500/- കൺസോർഷ്യത്തിന് ലഭിച്ചിട്ടുണ്ട്. മാർച്ച് 2023 വരെ യൂസർഫീ ഇനത്തിൽ ₹ 6,25,300/-ലഭിച്ചിട്ടുണ്ട്.

3. പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം തടയാൻ സ്വീകരിച്ച നടപടികൾ

പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനും മാലിന്യം കത്തിക്കുന്നതിന്റെ ദോഷഫലങ്ങൾ വിശദമാക്കുന്നതിനും വാർഡുതലത്തിൽ ആരോഗ്യപ്രവർത്തകരേയും, കുടുംബശ്രീ പ്രവർത്തകരേയും ഉൾപ്പെടുത്തി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിന് CCTV ക്യാമറ സ്ഥാപിക്കുന്ന പദ്ധതി 2023-24 ൽ ഏറ്റെടുത്തിട്ടുണ്ട്. റിംഗ് കമ്പോസ്റ്റ്, ബയോബിന്നുകൾ തുടങ്ങിയവ നൽകി ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിനുള്ള നടപടികളും കഴിഞ്ഞ 5 വർഷങ്ങളിലായി നടപ്പിലാക്കിവരുന്നു.

4. കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ മേഖലയിൽ വകയിരുത്തിയ തുക, ഫണ്ടിനം, അവയുടെ ചെലവ് എന്നിവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | വകയിരുത്തിയ തുക | ഫണ്ടിനം | ചെലവഴിച്ച തുക |
|---|---|---|---|
| 2018-19 | 1,00,000 | കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 |
| 2019-20 | 1,77,500 | „ | 1,27,500 |
| 2020-21 | 6,50,000 | „ | 50,000 |
| „ | 1,05,000 | സ്വച്ഛ് ഭാരത് മിഷൻ | 30,000 |
| 2021-22 | 13,00,000 | കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6,66,670 |

| | | | |
|---|---|---|---|
| ,, | 15,75,000 | സ്വച്ഛ് ഭാരത് മിഷൻ | 75,000 |
| 2022-23 | 12,00,330 | കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6,07,854 |
| ,, | 2,50,000 | സ്വച്ഛ് ഭാരത് മിഷൻ | 2,37,262 |

5. സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം

നിലവിൽ ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് സിസ്റ്റം ആരംഭിച്ചിട്ടില്ല. ഹരിതകർമ്മ സേനാംഗങ്ങൾക്ക് പ്രോജക്ടിന്റെ ഭാഗമായി സ്മാർട്ട് ഫോണും നൽകിയിട്ടില്ല. യൂസർഫീ മാന്വൽ രസീത് നൽകിയാണ് ഈടാക്കുന്നത്. സ്മാർട്ട് ഗാർബേജ് മോണിറ്ററിങ്ങ് സിസ്റ്റം ആരംഭിച്ച് അതു സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് നൽകേണ്ടതും, ആയത് ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6. നവകേരളം – വൃത്തിയുള്ള കേരളം ക്യാമ്പയിനിന്റെ ഭാഗമായി Waroom.lsgkerala.gov.in എന്ന വെബ്സൈറ്റിൽ മലയാറ്റൂർ -നീലീശ്വരം ഗ്രാമപഞ്ചായത്ത് നൽകിയിട്ടുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ആകെ വാർഡുകളുടെ എണ്ണം | 17 |
| ആകെ വാസഗൃഹങ്ങളുടെ എണ്ണം | 8406 |
| ഒഴിഞ്ഞുകിടക്കുന്ന വീടുകൾ | 512 |
| ഉപയോഗത്തിലുള്ള വീടുകൾ | 7894 |
| ആകെ വ്യാപാരസ്ഥാപനങ്ങൾ | 1198 |
| ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 34 |
| നിലവിൽ മാലിന്യം വാതിൽപ്പടി ശേഖരണത്തിന്റെ വ്യാപ്തി | 88.65 % |
| അജൈവമാലിന്യം ശേഖരിക്കപ്പെടുന്ന വീടുകൾ | 7500 |
| അജൈവമാലിന്യം ശേഖരിക്കപ്പെടുന്ന സ്ഥാപനങ്ങൾ | 560 |
| മാലിന്യശേഖരണം നടത്തുന്നതിന്റെ തോത് | മാസത്തിലൊരിക്കൽ |
| വിൻഡ്രോ കംപോസ്റ്റിംഗ് സിസ്റ്റം, തുമ്പൂർമുഴി മോഡൽ യൂണിറ്റ്സ് | ഇല്ല |
| മിനി എം സി എഫുകളുടെ എണ്ണം | 3 |
| എം സി എഫ് കളുടെ എണ്ണം | 1 |
| RRF (Resource Recovery Centre) എണ്ണം | ഇല്ല |
| പഞ്ചായത്തിലുള്ള ഡംപിംഗ് യാർഡുകളുടെ എണ്ണം | ഇല്ല |
| മാലിന്യസംസ്കരണ പ്ലാന്റുകളുടെ എണ്ണം | ഇല്ല |
| ക്ലീൻ കേരള കമ്പനിയുമായുണ്ടാക്കിയ കരാർ | കരാർ നിലവിലുണ്ട്. ഓഡിറ്റ് തീയതി വരെ 7.2 ടൺ മാലിന്യം നീക്കം ചെയ്തിട്ടുണ്ട്. |

1-13 പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ്,സേവന ഉപനികുതി സാധ്യത പരിശോധിക്കാവുന്നതാണ്

കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21പ്രകാരം ഗ്രാമ പഞ്ചായത്തിൽ

പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ സെക്രട്ടറി പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം.

അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള ( രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം.(ഓഡിറ്റ് അന്വേഷണം 4/12.07.2023)

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി - അപാകതകൾ

മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിലെ 2022 -23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. പ്രസ്തുത അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (14/14.07.2023) മറുപടി പരിഗണിച്ചുള്ള ഓഡിറ്റ് കുറിപ്പ് താഴെ ചേർക്കുന്നു.

1)തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള ഡാറ്റാ ബേസ് നിലവിലില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലെ ആദ്യത്തെ പേജിൽ തൊഴിൽ നികുതി ഈടാക്കിയ സ്ഥാപനങ്ങളുടെ വിവരം ക്രമ നമ്പർ പ്രകാരം ചേർക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത ഡാറ്റാ ബേസ് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി.

2)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | വി.ഇ.ഒ. ഓഫീസ് | I |
| 2 | ആയുഷ് ഫാർമ ആയുർവേദ ഹോസ്പിറ്റൽ, മലയാറ്റൂർ | I & II |
| 3 | ന്യൂമാൻ അക്കാദമി | II |
| 4 | ബി.എസ്.എൻ.എൽ | I & II |
| 5 | റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ്, കാലടി | II |
| 6 | സെന്റ് മേരീസ് എൽ.പി.എസ് മലയാറ്റൂർ | I & II |
| 7 | സപ്ലൈകോ | I & II |
| 8 | സെന്റ് ആന്റണീസ് എൽ.പി.എസ്, മലയാറ്റൂർ | I & II |
| 9 | സ്പർശം മെഡിക്കൽ കെയർ | I & II |
| 10 | റിലയൻസ് | II |
| 11 | എസ്&എസ് ഫുഡ് പ്രൊഡക്ട്സ് , ഇല്ലിത്തോട് | II |

| | | |
|---|---|---|
| 12 | മലയാറ്റൂർ റസിഡൻസി | I |

3)ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ച പല സ്ഥാപനങ്ങളിലും ജീവനക്കാർ ഉള്ളതായി ലൈസൻസ് അപേക്ഷയിൽ തന്നെ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി തൊഴിലുടമ മുഖേന ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | അനുഗ്രഹ മെറ്റൽസ് & സാൻഡ് പ്രൈ.ലി. | 7/22 | 7 |
| 2 | ആൻസ് സിമന്റ് പ്രൊഡക്ട്സ് | 19/22 | 4 |
| 3 | പ്രീമിയർ വയേഴ്സ് & വയർ പ്രൊഡക്ട്സ് | 20/22 | 4 |
| 4 | അമർ ജീവൻ | 27/22 | 5 |
| 5 | സൂര്യ ഹോട്ടൽ | 30 | 5 |
| 6 | വജ്ര ആയുർ റിട്രീറ്റ് | 36 | 4(ഡോക്ടർ-1,ഫാർമസിസ്റ്റ്-2, തെറാപ്പിസ്റ്റ്-1) |
| 7 | നാഷണൽ ഡിസ്ട്രിബ്യൂട്ടേഴ്സ് | 38 | 5 |
| 8 | യുണൈറ്റഡ് പ്ലാസ്റ്റിക്സ് | 67/2022 | 4 |

4) താഴെ ചേർക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ ന | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ് | I |
| 2 | SBI, മലയാറ്റൂർ | II |
| 3 | കെഎസ്ഇബി മലയാറ്റൂർ | I & II |
| 4 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മലയാറ്റൂർ | I & II |
| 5 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | I & II |
| 6 | നടുവട്ടം KUCS | I & II |
| 7 | മലയാറ്റൂർ-നീലീശ്വരം KUCS | I & II |
| 8 | മലയാറ്റൂർ KUCS | I & II |
| 9 | കൊറ്റമം KUCS | I & II |
| 10 | ഇല്ലിത്തോട് KUCS | I & II |

5)പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 | പോൾ പി.എസ് |
| 2 | എം.എസ് വർഗ്ഗീസ് |
| 3 | ശ്രീകുമാർ കെ.യു |
| 4 | വർഗ്ഗീസ് വി.പി |
| 5 | ഷാജി എസ്.ഐ |
| 6 | സണ്ണി പി.ജെ |
| 7 | ബിനു എം.എ |
| 8 | ജിതിൻ സേവ്യർ |
| 9 | ഷാന്റോ ജോസ് |
| 10 | വേണു വി.കെ |
| 11 | എസ്.ഐ തോമസ് |
| 12 | ലോറൻസ് എ.ജെ |

ക്രമ നം.2,3,5 -ലെ ജീവനക്കാരിൽ നിന്നും ക്രമ നം.4 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

6)2022-23 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ ഡി സി ബിയുടെ വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

7) പഞ്ചായത്ത് പരിധിയിൽ പ്രാക്ടീസ് നടത്തുന്ന അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, വൈദ്യന്മാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ തുടങ്ങി സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

8)പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന റേഷൻ കടകൾ, കള്ളു ഷാപ്പുകൾ മുതലായ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം. 7,8 എന്നിവരിൽ നിന്നും തൊഴിൽനികുതി , സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി.

1-15 വാണിജ്യ കെട്ടിടത്തിന്റെ വസ്തുനികുതി കുറവായി നിർണ്ണയിച്ചു

1)സജിത സാബു, പാതാപ്പിള്ളി വീട്, മലയാറ്റൂർ എന്നയാളുടെ 06.11.2020 തീയതിയിലെ പെർമിറ്റ് നമ്പർ A4-4465(32)2020 പ്രകാരം 11-ാം വാർഡിൽ റീസർവ്വേ നമ്പർ 234/16-1, 234/11 ൽ പെട്ട സ്ഥലത്ത് 1560.03 ച.മീ(Building No.I – 1107.11 $M^2$, Building No.II – 452.92 $M^2$ ) നിർമ്മിതി വിസ്തീർണ്ണമുള്ള F (Commercial) ഗണത്തിൽ പെടുന്ന കെട്ടിടം പണിയുന്നതിന് അനുമതി നൽകിയിരുന്നു. ആയതു പ്രകാരം 17.11.2021 തീയതിയിൽ നിർമ്മാണം പൂർത്തിയായ രണ്ട് കെട്ടിടങ്ങളിൽ Building No.II-ന് (താഴത്തെ നില-432 ച.മീ.)താഴെ പറയും പ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | നിർണ്ണയിച്ചിട്ടുള്ളത് | നിർണ്ണയിക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|
| ഉപയോഗക്രമം | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ @ 40/ച.മീ. | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ @80/ച.മീ. | |
| അടിസ്ഥാന വസ്തുനികുതി | 432 * 40 = 17280 | 432* 80 = 34560 | 47628-22624= 25004 |
| വർദ്ധനവ്(വഴി സൗകര്യം) 20% | 3456 | 34560*20%=6912 | |
| വർദ്ധനവ്(തറ | 2592 | 34560*15%=5184 | |

| | | |
|---|---|---|
| നിർമ്മിതി) 15% | | |
| ഇളവ്( മേൽക്കൂര) 10% | 1728 | 3456 |
| ആകെ | 17280+3456+2592-1728=21600 | 34560+6912+5184-3456 = 43200 |
| ഇളവ്(ബഹുനില കെട്ടിടം- താഴത്തെ നില ) | (ഒന്നാം നില-5%) 21600*5%=1080 | ഇല്ല |
| അടിസ്ഥാന വാർഷിക വസ്തു നികുതി | 21600-1080=20520 | 43200 |
| ലൈബ്രറി സെസ്സ് | 1026 | 2160 |
| ആകെ നികുതി (2022-23 വരെ) | 20520+1026=21546 | 43200+2160=45360 |
| നികുതി പരിഷ്കരണം 2023-24 മുതൽ(5% വർദ്ധനവിന് ശേഷം) | 22624 | 47628 |

432 ച.മീ. വിസ്തീർണ്ണമുള്ള മേൽ കെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമത്തിൽ പെടുത്തി നികുതി നിർണ്ണയിക്കാത്തതിനാൽ വസ്തുനികുതി ഇനത്തിൽ ₹25,004/- കുറവ് വന്നിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് സഞ്ചയയിൽ നിന്നുള്ള ഫോറം 6 ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. കൂടാതെ 2021-22 രണ്ടാം അർദ്ധവർഷത്തിൽ നികുതി നിർണ്ണയം നടത്തിയ മേൽ കെട്ടിടത്തിന്റെ 2022-23 വരെയുള്ള വസ്തുനികുതി, കുടിശ്ശിക സഹിതം ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (19/19.07.2023) മറുപടി ലഭ്യമാക്കിയില്ല.

1-16 ഉപയോഗിക്കാത്ത പൊതുടാപ്പുകൾ വിച്ഛേദിക്കൽ- നടപടികൾ വേഗത്തിലാക്കണം

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തെ പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക കേരള വാട്ടർ അതോറിറ്റിയുടെ 08.03.2022 ലെ ബിൽ പ്രകാരം ₹ 1,35,587/- ആണ്. കഴിഞ്ഞ മാർച്ചിലെ ബിൽ പ്രകാരം ഇത് ₹1,07,395/-ആയിരുന്നു. കുടിശ്ശികയിൻമേൽ പലിശ കൂടി തുക വർദ്ധിച്ചുകൊണ്ടിരിക്കുന്നു. നിലവിൽ പഞ്ചായത്ത് പരിധിയിൽ ആകെ 363 പൊതുടാപ്പുകളാണുള്ളത്. ഫെബ്രുവരി 2023 മുതൽ വെള്ളക്കരം പുതുക്കിയതുമൂലം നിലവിൽ ഗ്രാമ പഞ്ചായത്തിന്റെ പ്രതിമാസ വെള്ളക്കരം ₹ 4,40,410/-ആണ്. പഴയ നിരക്കിൽ പ്രതിമാസ വെള്ളക്കരം ₹1,66,768/-ആയിരുന്നു . നിരക്കുവർദ്ധനയോടെ ഈയിനത്തിലുള്ള പഞ്ചായത്തിന്റെ ചെലവ് വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്ന് കാണാം. മെയിന്റനൻസ് ഗ്രാന്റ് റോഡിതര വിഹിതം വിനിയോഗിച്ച് പദ്ധതി രൂപീകരിച്ചും ( Project No 106/23) തനതുഫണ്ടിൽ നിന്നും നേരിട്ടും ബിൽത്തുക പഞ്ചായത്ത് കൃത്യമായി അടവാക്കുന്നുണ്ട്. എന്നാൽ കുടിശ്ശിക അടച്ച് തീർക്കുന്നില്ല. മുൻവർഷങ്ങളിൽ അടവാക്കാതിരുന്ന ഏതോ ബില്ലിന്റെ തുകയും അതിന്റെ മാസം തോറുമുള്ള പിഴപ്പലിശയുമാണ് വെള്ളക്കര കുടിശ്ശിക ഇത്രയും തുകയായി വർദ്ധിക്കാൻ കാരണം.

മുൻവർഷം കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തിയെങ്കിലും തുടർ നടപടി സ്വീകരിച്ചതായും കാണുന്നില്ല. സംയുക്ത പരിശോധനാ റിപ്പോർട്ട് നിശ്ചിത ഫോർമാറ്റിൽ സെക്രട്ടറി ഒപ്പിട്ട് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ ആലുവ ക്ക് സമർപ്പിച്ചാൽ മാത്രമേ പൊതുടാപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്താൻ

കഴിയുകയുള്ളുവെന്ന വാട്ടർ അതോറിറ്റി അങ്കമാലി അസിസ്റ്റന്റ് എഞ്ചിനീയറുടെ 11/10/2021 ലെ കത്ത് കമ്മിറ്റിയിൽ വായിച്ച് ചർച്ച ചെയ്തിരുന്നു. വിവിധ വാർഡുകളിൽ നിലവിൽ വെള്ളക്കരം അടച്ചുകൊണ്ടിരിക്കുന്ന ടാപ്പുകളുടെ എണ്ണം, സ്ഥാനം എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി അങ്കമാലി ഓഫീസിൽ കത്ത് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ( 18.10.2021 ലെ 2(1) നം തീരുമാനം) തുടർനടപടികളുടെ വിവരം ലഭ്യമായില്ല.

മേൽ വിഷയത്തിലെ തുടർനടപടികളുടെ വിവരങ്ങളും, വെള്ളക്കരം കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റിയോ , സെക്രട്ടറിയോ വാട്ടർ അതോറിറ്റിയുമായി കത്തിടപാടുകളോ, ചർച്ചയോ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അറിയിക്കണമെന്നാവശ്യപ്പെട്ട് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നു. ഈ വിഷയത്തിലെ നിലവിലെ അവസ്ഥ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 01/11.07.2023 ) നിലവിൽ കുടിശ്ശിക അടച്ചുതീർത്തതായും, 35 പൊതുടാപ്പുകൾ മാത്രം നിലനിർത്തി ബാക്കിയുള്ള 328 ടാപ്പുകളും വിച്ഛേദിക്കുവാൻ കമ്മിറ്റി തീരുമാനമെടുത്തതായും തുടർനടപടികൾ സ്വീകരിക്കുവാൻ വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും അറിയിച്ചു ( പഞ്ചായത്ത് കമ്മിറ്റിയുടെ 27.02.2023 ലെ 3(1) നമ്പർ തീരുമാനം). പഞ്ചായത്തിലെ ആകെ ടാപ്പുകളുടെ എണ്ണം 35 ആയി കുറയുന്നതോടെ പ്രതിമാസ വെള്ളക്കരം കേവലം 42,464/-ആകുന്നതും, അതുവഴി ₹3,97,946/-പ്രതിമാസം പഞ്ചായത്തിന് ആവർത്തനച്ചെലവിൽ കുറവുണ്ടാകുകയും ചെയ്യും. 328 ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള ₹5,35,000/-യുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിയിൽ നിന്നും 04.07.2023 ലെ എ3-6769/2023 നമ്പർ കത്തു പ്രകാരം ലഭ്യമായിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിയിലും തുക അടവാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കാൻ വൈകുന്നത് പ്രതിമാസ വെള്ളക്കരമിനത്തിൽ ₹ 3,97,946/-അധികച്ചെലവുണ്ടാക്കുന്നതിനാൽ എത്രയും വേഗം ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷനായി കെ.എസ്.ഇ.ബി. ക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | S 0021/23- സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ തുക | 75,000/- (സി.എഫ്.സി -ടൈഡ് ഫണ്ട്) |
| ചെലവഴിച്ച തുക | 72,216/-<br>(ബിൽ നം 83/29.09.2022) |

വാർഡ് 9 ൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ എക്സ്റ്റെൻഷനായി കെ.എസ്. ഇ ബിയിൽ മേൽ പദ്ധതി പ്രകാരം തുക അടവാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് കരാറിലേർപ്പെട്ട് തുക അടവാക്കിയിട്ടുള്ളത്. എന്നാൽ ഏത് റോഡിലാണ് പ്രവൃത്തി നടത്തുന്നതെന്ന് വ്യക്തമാകത്തക്ക വിധം സ്ഥലത്തിന്റെ സ്കെച്ച് ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

പ്രവൃത്തിയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 02/11.07.2023) പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും, വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നുമാണ് മറുപടി നൽകിയത്. ചെയ്ത പ്രവൃത്തിയുടെ വിശദാംശങ്ങൾ സഹിതമുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ₹72,216/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 തുക കൈമാറിയെങ്കിലും വാഴത്തൈകൾ ലഭ്യമായില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രൊജക്ട് നമ്പർ/പേര് | 100/23<br>കദളി ഗ്രാമം |

| | |
|---|---|
| അടങ്കൽ | 64,992/- വികസന ഫണ്ട്-ജനറൽ |
| ചെലവ് | 64,960/ –വികസന ഫണ്ട്--ജനറൽ |
| ബിൽ നം | BRN22110952014501378758 Dt 16.03.2023 |

മേൽ പ്രോജക്ക്റ്റ് പ്രകാരം കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ ലിമിറ്റഡിന് (ഇൻവോയ്സ് നം AMB/646/22-23 Dt 08-03-2023) 1624 എണ്ണം കദളിവാഴത്തൈകൾ വാങ്ങുന്നതിനായി ₹64,960/ നൽകിയിട്ടുണ്ട് എങ്കിലും ഇതുവരെ തൈകൾ ലഭിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 14-07-2023 ലെ ഓഡിറ്റ് എൻക്വയറി നം 10 ന് സമയബന്ധിതമായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിന് വാഴത്തൈകൾ നൽകാൻ കഴിഞ്ഞില്ല എന്നും എത്രയും വേഗം ഇത് ലഭ്യമാക്കി വിതരണം ചെയ്യുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. വാഴത്തൈകൾ വിതരണം ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവു തുകയായ ₹64,960/- തടസ്സപ്പെടുത്തുന്നു.

## 1-19 എസ് എസ് എ വിഹിതം-വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ. യു പി സ്കൂൾ |
| പ്രൊജക്റ്റ് നമ്പർ/പേര് | 152/23<br>എസ് എസ് എ വിഹിതം |
| അടങ്കൽ | ₹7,00,000/- വികസന ഫണ്ട്-ജനറൽ |
| ചെലവ് | ₹7,00,000/ – വികസന ഫണ്ട്-ജനറൽ |
| ബിൽ നം | 221109000000011369 Dt 26-11-22 |

മേൽ പ്രോജക്ക്റ്റ് പ്രകാരം ജില്ലാ പ്രോജക്റ്റ് കോർഡിനേറ്റർ, എസ് എസ് കെ, എറണാകുളത്തിന് ₹ 7,00,000/- കൈമാറിയിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ട് എങ്കിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 13-07-2023 ലെ ഓഡിറ്റ് എൻക്വയറി നം 7 ന് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവു തുകയായ ₹7,00,000/- തടസ്സപ്പെടുത്തുന്നു.

## 1-20 സാന്ത്വന പരിചരണം- അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പ്രൊജക്റ്റ് നമ്പർ/പേര് | 25/23<br>സാന്ത്വന പരിചരണം |
| അടങ്കൽ | 9,00,000 /-വികസന ഫണ്ട്-ജനറൽ |
| ചെലവ് | 8,99,692/ –വികസന ഫണ്ട്-ജനറൽ |
| ബിൽ നം | ACR No-5/28.5.22- 34,825/-<br>21/29.06.22- 49,040/- |

| | |
|---|---|
| | 35/15.07.22- 32,910/-<br>51/19.08.22- 34,339/-<br>62/5.09.22- 26,495/-<br>74/17.09.22- 57,587/-<br>78/7.09.22- 34,010/-<br>90/11.10.22- 37,404/-<br>96/17.10.22- 47,200/-<br>102/25.10.22- 2,00,000/-<br>127/21.11.22- 61,476/-<br>163/14.12.22- 48,541/-<br>180/28.12.22- 9,706/-<br>237/07.02.23- 53,826/-<br>298/21.02.23- 57,700/-<br>386/21.03.23- 49,143/-<br>397/24.03.23- 65,490/- |

1. മേൽ പദ്ധതിയ്ക്കായി ACR ബിൽ No 02/25.10.2022, പ്രകാരം ₹2,00,000/- കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന്(PRF_1588 Dt 11-10-22) കൈമാറിയെങ്കിലും വിവിധ ഇൻവോയ്സുകളിലൂടെ ( 26987തീ 15-3-23, 5247/-, 27190 തീ 20-3-23, 39166/-; 27209 തീ 20-3-23, 22798/-;7181 തീ 2-6-23, 7784/-; 7142 തീ 2-6-23, 29294/-; 5920 തീ 25-5-23, 4906/-) ഇതുവരെ ₹1,09,195/-യുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി ലഭിക്കാനുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിശദാംശങ്ങളടക്കം അറിയിക്കുന്നതുവരെ ₹90,805/- തടസ്സപ്പെടുത്തുന്നു.

2. പഞ്ചായത്ത് കമ്മിറ്റിയുടെ 28-08-2022 ലെ 8ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പാലിയേറ്റീവ് കെയർ ആംബുലൻസ് പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്കായി 17 ദിവസവും ബാക്കി ദിവസങ്ങളിൽ മറ്റു അസുഖബാധിതരുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനും ഡ്രൈവർക്ക് പ്രതിമാസ വേതനം ₹20,000/- ആയി നിജപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ദിവസവേതനം നൽകി വന്നിരുന്ന ഡ്രൈവർക്ക് 2022 മാർച്ച് മാസം മുതൽ പ്രതിമാസ വേതനം ₹20,000/- യായി കണക്കാക്കി ബാക്കി തുക കുടിശ്ശികയായി നൽകുകയും ആ തുക മുഴുവനായും പാലിയേറ്റീവ് കെയർ പദ്ധതിയിൽ നിന്ന് മാറിയതായും കാണുന്നു. കുടിശ്ശിക നൽകിയതിനും ഡ്രൈവർക്ക് നൽകുന്ന അധിക തുക മറ്റു അസുഖബാധിതരുടെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന തുകയിൽ നിന്ന് നൽകാതിരുന്നതിനും ആബുലൻസിന്റെ മറ്റു ഉപയോഗത്തിന് നിശ്ചയിച്ച നിരക്കും വരവും സഹിതം വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 14-7-23 ലെ ഓഡിറ്റ് എൻക്വയറി നം 10 ന് 24 മണിക്കൂറും ഡ്രൈവറുടെ സേവനം ലഭ്യമാകുന്നതിന് ഗ്രാമ പഞ്ചായത്തിൽനിന്നുള്ള വാക്കാലുള്ള നിർദ്ദേശപ്രകാരം 8.3.23 മുതൽ 20,000/-രൂപ നിരക്കിൽ നിയോഗിച്ചു എന്ന മറുപടി തൃപ്തികരമല്ല. പഞ്ചായത്ത് കമ്മിറ്റിയുടെ സാധൂകരണം അടക്കം കൃത്യമായ വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-21 തുക കൈമാറിയെങ്കിലും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല.

1.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ് 20/23, പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ |
| നിർവഹണ | മെഡിക്കൽ ഓഫീസർ പിഎച്ച്സി |

| | |
|---|---|
| ഉദ്യോഗസ്ഥൻ | |
| അടങ്കൽ | ₹11,00,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | ₹9,45,430/-(മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ബിൽ നമ്പർ | ACR Bill No 19/27.6.22, ₹300000;<br>73/27.06.22, ₹1,29,946/-<br>77/17.09.22, ₹2,00,000/-<br>103/25.10.22. ₹14,999/-<br>279/15.02.23, ₹1,99,998/-<br>297/21.02.23, ₹1,00,487/- |

2022-23 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ₹3,00,000/-( PRF 252/.02-06-2022, ) , ₹2,00,000/-(PRF1255 Dt 02-09-22,) എന്നിങ്ങനെ ആകെ ₹5,00,000/- കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന് കൈമാറിയെങ്കിലും PRF 252 മായി ബന്ധപ്പെട്ട വിവിധ ഇൻവോയ്സുകളിലൂടെ ഇതുവരെ ₹2,22,570/-യുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. PRF 1255 മായി ബന്ധപ്പെട്ട് 1,85,294/-രൂപയുടെ മരുന്നുകൾ ലഭ്യമായെന്ന് അറിയിച്ചെങ്കിലും ഇൻവോയ്സുകൾ പരിശോധനക്കായി ഹാജരാക്കിയില്ല. ആയതിനാൽ ഇനിയും ലഭിക്കാനുള്ള 2,77,430/-രൂപയുടെ മരുന്നിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 26/23, ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| അടങ്കൽ | ₹2,00,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | ₹2,00,000/- |
| ബിൽ നമ്പർ | ACR Bill No 88/07.10.22, ₹2,00,000/- |

2022-23 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ₹2,00,000/- (PRF225 Dt 13-09-22, ) കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് ഫാർമസി ലിമിറ്റഡിന് കൈമാറിയെങ്കിലും ഇതുവരെ ₹1,03,667/-യുടെ (ഇൻവോയ്സ് നം LF 354 Dt 22-06.2023 )മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ₹96,333/- മരുന്ന് ഇനിയും ലഭിക്കാനുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 14-07-23 ലെ ഓഡിറ്റ് എൻക്വയറി നം 15 ന് ബാക്കിയുള്ള മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

മരുന്നുകൾ ലഭ്യമാക്കി വിശദാംശങ്ങളടക്കം അറിയിക്കുന്നതുവരെ ₹3,73,763/- (2,77,430+96,333) തടസ്സപ്പെടുത്തുന്നു.

## 1-22 സർക്കാർ സ്കൂളിലെ അർഹരായ എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണം-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ. യു പി സ്കൂൾ |
| പ്രൊജക്ട് നമ്പർ/പേര് | 152/23<br>സർക്കാർ സ്കൂളിലെ അർഹരായ എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണം |
| അടങ്കൽ | 200000/- തനത് ഫണ്ട് |
| ചെലവ് | 199088/ – തനത് ഫണ്ട്- |
| ബിൽ നം | വൌച്ചർ നം 22200926 Dt 21.2.23 , 114928/-<br>വൌച്ചർ നം 22200926 Dt 21.2.23 , 84160/- |

സർക്കാർ സ്കൂളിലെ അർഹരായ എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മേൽ പദ്ധതി പ്രകാരം ഗവ. എൽ പി സ്കൂൾ, നീലീശ്വരം , ഗവ. യു പി സ്കൂൾ , ഇല്ലിത്തോട് എന്നീ സ്കൂളുകളിലെ എൽ.കെ.ജി , യു.കെ.ജി കുട്ടികൾക്ക് മാത്രമാണ് പ്രഭാത ഭക്ഷണം വിതരണം ചെയ്തിട്ടുള്ളത്. ഇതിനായി യഥാക്രമം ₹1.70.320/- , ₹28.768/- ചെലവാക്കിയിട്ടുണ്ട്. പ്രഭാത ഭക്ഷണം ഒരു ദിവസം ഒരു കുട്ടിക്ക് ₹16 നിരക്കിലാണ് നൽകിവരുന്നത്. സ്വരലയ കുടുംബശ്രീ യൂണിറ്റ് , എസ് & എസ് ഫുഡ് പ്രോഡക്ട്സ് എന്നീ സ്ഥാപനങ്ങൾക്കാണ് തുക നൽകിയിട്ടുള്ളത്. നിരക്ക് നിശ്ചയിച്ചത് സംബന്ധിച്ച് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. നിരക്ക് നിശ്ചയിച്ചത് സംബന്ധിച്ച് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 13-07-2023 ലെ ഓഡിറ്റ് എൻക്വയറി നം 7 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകത സംബന്ധിച്ച് കൃത്യമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-23 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി-അനുവദനീയമായ പരമാവധി തുകയേക്കാൾ അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ. യു പി സ്കൂൾ |
| പ്രൊജക്ട് നമ്പർ/പേര് | 183/23<br>സ്റ്റുഡന്റ് പോലീസ് കേഡറ്റ് |
| അടങ്കൽ | 50,000/- തനത് ഫണ്ട് |
| ചെലവ് | 50,000/ –തനത് ഫണ്ട് |
| ബിൽ നം | വൗച്ചർ നം 22200925 Dt 21.2.23 25000/-<br>വൗച്ചർ നം 2200927 Dt 21.2.23 25000/- |

മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള SNDP HSS, നീലീശ്വരം ; St. Thomas HSS മലയാറ്റൂർ എന്നീ സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റിന്റെ ചെലവുകൾക്കായി ₹25,000/- വീതം ആകെ ₹50,000/- ചെലവാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.4.4 പ്രകാരം പരിശീലനത്തിന് വേണ്ടി വരുന്ന തുകയിൽ പോലീസ് വകുപ്പിൽ നിന്ന് ലഭ്യമാകുന്നത് കിഴിച്ചുള്ള തുക പരമാവധി ഒരു സ്കൂളിന് ₹20,000/- വരെ

മാത്രമാണ് അനുവദനീയമായിട്ടുള്ളത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റിന്റെ ആകെ ചെലവ് വിവരങ്ങളോ, പോലീസ് വകുപ്പിൽ നിന്ന് ലഭ്യമായ തുകകളുടെ വിവരങ്ങളോ ലഭ്യമാക്കിയില്ല. കൂടാതെ ഒരു സ്കൂളിന് അനുവദനീയമായ പരമാവധി തുകയേക്കാൾ അധികമായി തുക നൽകിയതായും കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 14-07-23 ലെ ഓഡിറ്റ് എൻക്വയറി നം 8 ന് മറുപടി ലഭ്യമാക്കിയില്ല. കൃത്യമായ വിശദാംശങ്ങളടക്കം വിശദീകരണം ലഭ്യമാക്കുന്നതുവരെ നിരാകരിച്ച തുക ഒഴിച്ചുള്ള ചെലവു തുകയായ ₹40,000/- തടസ്സപ്പെടുത്തുന്നു. അനുവദനീയമായ പരമാവധി തുകയേക്കാൾ അധികമായി നൽകിയ ₹10,000/- നിരാകരിച്ചത് സംബന്ധിച്ച് ഖണ്ഡിക 3-1-ൽ ചേർത്തിട്ടുണ്ട്.

1-24 സ്ഥിരനിക്ഷേപം നടത്തുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ 31.03.2023 ലെ തനതുഫണ്ട് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് താഴെ കാണും വിധമാണ്.

| തനതുഫണ്ട് അക്കൗണ്ടുകൾ | നീക്കിയിരിപ്പ് തുക |
|---|---|
| എറണാകുളം ജില്ലാ സഹകരണബാങ്ക് | 1,14,58,214 |
| മലയാറ്റൂർ-നീലീശ്വരം സർവീസ് കോ.ഓപ്പറേറ്റിവ് ബാങ്ക് | 1,23,70,887 |
| എസ്.ബി.ഐ-ഇ-പേയ്മെന്റ് അക്കൗണ്ട് | 33,09,563 |
| ആകെ | 2,71,38,664 |

നീക്കിയിരിപ്പ് തുകയിൽ മറ്റ് ബാധ്യതകൾ ഉണ്ടോയെന്ന് പരിശോധിച്ച്, കരുതൽ പണം നിലനിർത്തിക്കൊണ്ട് ബാക്കി തുക സ്ഥിര നിക്ഷേപമാക്കി മാറ്റിയതായി കാണുന്നില്ല. പഞ്ചായത്തിന് ആവശ്യമായ ചെലവ് കണക്കാക്കി തനത് ഫണ്ടിൽ മിച്ചമായി കിടക്കുന്ന തുകകൾ വിവിധ സ്കീമിൽ സ്ഥിര നിക്ഷേപമാക്കി മാറ്റി പലിശ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. ഈ വിഷയം വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-25 റോഡ് കണക്റ്റിവിറ്റി മാപ്പ് - പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S 051/23 |
| പ്രവൃത്തി | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ |
| കരാറുകാരൻ | ബേസിൽ ഏലിയാസ് |
| എസ്റ്റിമേറ്റ് | 51,000/- |

റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് ഒരു വാർഡിന് 3000/- രൂപ വീതം ആകെ 17 വാർഡിന് 51,000/- രൂപക്കാണ് എറ്റവും കുറവ് ക്വട്ടേഷൻ ലഭിച്ച ശ്രീ. ബേസിൽ ഏലിയാസിന് കരാർ നൽകിയത്. എന്നാൽ ഈ പ്രവൃത്തിക്ക് 25,900/- (Bill No. 233/3-2-23) രൂപ മാത്രമാണ് കരാറുകാരന് നൽകിയത്. മാപ്പിംഗ് ചെയ്ത റോഡിന്റെ അളവോ പേരോ അതിന്റെ കൃത്യതയോ വ്യക്തമല്ല. പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (Enq. No. 5 Dtd 12-7-23) മറുപടി ഒന്നും ലഭിച്ചില്ല.

1-26 NREGS – പൊതുവായ അപാകതകൾ

1. NREGS – പ്രവൃത്തിയിൽ സ്പെസിഫിക്കേഷൻ 80.8.34 പ്രകാരം 80 Mm കനമുള്ള സിമന്റ് കോൺക്രീറ്റിംഗ് കട്ട വിരിക്കുന്നതിന് ഒരു ചതുരശ്രമീറ്ററിന് 1252.475/- രൂപയാണ് . എന്നാൽ അസിസ്റ്റന്റ് എൻജിനിയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം 80 Mm കനമുള്ള സിമന്റ് കോൺക്രീറ്റിംഗ് കട്ട വിരിക്കുന്നതിന് ഒരു ചതുരശ്ര മീറ്ററിന് 1008.47/- രൂപയാണ് . കൂടാതെ ഈ പ്രവൃത്തികളിലും റോഡുകളുടെ സ്കെച്ചോ ചെയിനേജോ രേഖപ്പെടുത്തിയിട്ടില്ല.

NREGS – പ്രവൃത്തിയിൽ കട്ട വിരിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| Sl. No. | Work Code | Work | Estimate | Work Done | Area(m2) | Rate/m2 | Amount |
|---|---|---|---|---|---|---|---|
| 101 | 1608002005/RC /368651 | വിരുത്തംകണ്ടത്തി റോഡ് കട്ട വിരിക്കൽ Ward 11 | ₹ 1,57,540.00 | 1,20,040.00 | 80.928 | 1255.47 | 1,01,602.00 |
| 128 | 1608002005/RC /368654 | വെള്ളപ്പാറ കല്ലേക്കാട് റോഡ് കട്ടവിരിക്കൽ Ward 3 | 2,03,210.00 | 1,86,910.00 | 128.115 | 1255.47 | 1,60,844.00 |
| 202 | 1608002005/RC /367915 | പാത്തിക്കൽ എവർഗ്രീൻ ഇടറോഡ് കട്ട വിരിക്കൽ ബാക്കി ഭാഗം Ward 7 | 5,01,760.00 | 4,75,230.00 | 336.015 | 1255.47 | 4,21,856.00 |
| 207 | 1608002005/RC /368647 | K G റോഡ് കട്ട വിരിക്കൽ Ward 11 | 2,44,860.00 | 2,37,440.00 | 164.16m2 | 1255.47 | 2,06,097.00 |

2. പഞ്ചായത്തിലെ NREGS – ന് വേണ്ടി ലഭിക്കുന്ന തുകയുടെ നല്ല ഒരു വിഹിതം വനത്തിനുള്ളിൽ ചെയ്യുന്ന പ്രവൃത്തികൾക്ക് വേണ്ടിയാണ് ചെലവ് ചെയ്യുന്നത്. വനത്തിനുള്ളിൽ മഴക്കുഴി ഉണ്ടാക്കുന്നതിനും കയ്യാല നിർമ്മിക്കുന്നതിനും വേണ്ടിയാണ് തുക ചെലവഴിച്ചിട്ടുള്ളത്. ഈ വർഷം ₹34,45,190/- വനത്തിനുള്ളിൽ ചെയ്ത പ്രവൃത്തികൾക്ക് വേണ്ടിയാണ് ചെലവ് ചെയ്തത്.

ഇപ്രകാരം എല്ലാ വർഷവും വനത്തിനുള്ളിൽ ചെയുന്ന പ്രവൃത്തികൾക്ക് വേണ്ടി വലിയ തുകയാണ് ചെലവ് ചെയ്യുന്നത്. പഞ്ചായത്തിലെ ജനങ്ങൾക്ക് കൂടി കൂടുതൽ ഉപകാരപ്രദമായ പ്രവൃത്തികൾ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പഞ്ചായത്തിലെ NREGS – ന് വേണ്ടി ലഭിക്കുന്ന തുക ഉപയോഗിച്ച് ചെയ്യുന്ന മറ്റൊരു ഇനം ഇടമലയാർ കനാലിലെ മണ്ണ് നീക്കം ചെയ്യലാണ്. ഈ വർഷം ₹38,17,830/- ഇതിനായി ചെലവ് ചെയ്തിട്ടുണ്ട്. ഇതിന്റെ ആവശ്യകതയും വ്യക്തമല്ല. ആകെ 10,346 മീറ്റർ നീളത്തിൽ കനാലിലെ മണ്ണ് നീക്കം ചെയ്തിട്ടുണ്ട്.

DSR പ്രകാരമുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നാണ് ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (Enq. No.2 Dtd 14-07-23) മറുപടി നൽകിയത്. ഒരേ ഇനം പ്രവൃത്തികൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന ചെയ്യുന്നതും, തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യുന്നതും തമ്മിൽ നിരക്ക് വ്യത്യാസം ഉണ്ടാകുന്നതിന് വിശദീകരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-27 ചിറ - ഫിഷ് ഫാം ലേലം ചെയ്തിട്ടില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള 110 ഏക്കർ മണപ്പാട്ട് ചിറ ജലാശയത്തിൽ 15-2-2018 മുതൽ 14.2.2021- വരെ മൂന്ന് വർഷത്തേക്ക് മത്സ്യം വളർത്തുന്നതിന് ഭാസ്കരൻ പാതാപ്പിള്ളിൽ എന്ന വ്യക്തിക്ക് 4,40,000/- രൂപക്ക് ലേലം ചെയ്ത് നല്കിയിരുന്നു. ഈ തുക 12-2-2018 – ൽ അടച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അപേക്ഷ പ്രകാരം വീണ്ടും രണ്ട് വർഷത്തേക്ക് 14-2-23 വരെ നീട്ടി നൽകിയിട്ടുണ്ട് (22-7-19 -ലെ 14 നമ്പർ കമ്മിറ്റി തീരുമാനം). നിലവിലുള്ള ലേലത്തുകയുടെ രണ്ട് വർഷത്തേക്ക് ആനുപാതികമായുള്ള തുകയും അതിന്റെ 20% വർദ്ധനവ് ഉൾപ്പെടെയുള്ള തുകക്കാണ് കരാർ നീട്ടി നൽകിയത്. ഈ തുകയുടെ 1/3 തുക കരാർ പുതുക്കുന്ന സമയത്തും ബാക്കി തുക വരുന്ന രണ്ട് വർഷങ്ങളിലായി അടയ്ക്കാനും എഗ്രിമെന്റ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആദ്യ ഗഡു 1,17,334/- രൂപ (Rt. No. 119010105878 തീയതി 11-03-2020) പ്രകാരവും രണ്ടാം ഗഡു 1,17,334/- രൂപ 01-04-2021 ലും അടച്ചിട്ടുണ്ട്. മൂന്നാം ഗഡു 1,17,334/- രൂപ അടയ്ക്കുന്നതിന് 22/04/2022 – ലെ A6-1099/2021 കത്ത് പ്രകാരം അടക്കാൻ അവശ്യപ്പെട്ടിരുന്നു. ഇതിനുള്ള മറുപടിയായി മത്സ്യകൃഷി നഷ്ടമാണ് എന്നും ആയതിനാൽ അടയ്ക്കാനുള്ള തുക മൂന്ന് ഗഡുക്കളായി അടയ്ക്കാനും ലേല കാലാവധി രണ്ട് വർഷം കൂടി നീട്ടി നൽകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് പഞ്ചായത്ത് അംഗീകരിച്ചില്ല. ഇതിന് എതിരെ അദ്ദേഹം കേസ് കൊടുക്കുകയും കോടതിയുടെ താല്ക്കാലിക വിധിയുടെ ( W.P.(c) No.15256 Of 2022 (F) Dtd 6-5-22) അടിസ്ഥാനത്തിൽ ₹25,000/- പഞ്ചായത്തിൽ അടയ്ക്കുകയും ചെയ്തു (Rt. No. 1220100455/11-5-22). ലേലം ചെയ്ത വകയിൽ ഇനിയും ₹92,334/- ലഭിക്കാനുണ്ട്.

ലേലത്തിന്റെ കാലാവധി 14-02-2023 – ൽ അവസാനിക്കുന്നതിനാൽ വീണ്ടും അടുത്ത മൂന്ന് വർഷത്തേക്ക് ലേലം

ചെയ്യുന്നതിന് 18-01-2023 – ലെ കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ട്. ഇത് പ്രകാരം 09-02-2023- ൽ നടത്തിയ ലേലത്തിൽ രണ്ട് പേർ പങ്കെടുത്തു. ഇതിൽ ജയിംസ് പി ടി പരിയാടൻ എന്ന വ്യക്തി 8,25,000/- രൂപയും ജയിംസ് മഞ്ഞളി എന്ന വ്യക്തി 7,25,000/- രൂപയും ക്വോട്ട് ചെയ്തു. രണ്ട് പേർ മാത്രം പങ്കെടുത്തതിനാൽ ഈ ലേലം ഒഴിവാക്കി. കൂടാതെ കൂട് കൃഷി എന്ന് തെറ്റിദ്ധരിച്ചാണ് ഇവർ ലേലത്തിൽ പങ്കെടുത്തതെന്നും, കൂട്ട കൃഷി ഒഴിവാക്കിയാണ് ലേലം ചെയ്യാൻ തീരുമാനിച്ചത് എന്നത് കൊണ്ടുമാണ് ലേലം ഉറപ്പിച്ച് നൽകാതിരുന്നത് എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് 20-02-2023-ൽ പുനർ ലേലം നടത്തി. ഇതിൽ രണ്ട് പേർ പങ്കെടുത്തു. ശ്രീ. ജയിംസ് പി.ടി പരിയാടൻ 40,000/- രൂപക്കാണ് ലേലം ചെയ്തത്. തുക കുറഞ്ഞു പോയതിനാൽ ഈ ലേലവും ഒഴിവാക്കി. എന്നാൽ തുടർന്നുള്ള ലേലത്തിൽ രണ്ട് പേർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആരും ലേലം വിളിക്കുകയുണ്ടായില്ല. ആരും ലേലം വിളിക്കാത്തതിനാൽ പുനർലേലം ചെയ്യുന്നതിന് തീരുമാനിച്ചു. എന്നാൽ ഇതുവരെ പുനർ ലേലം ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച് താഴെ പറയുന്ന പരാമർശങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

1. കഴിഞ്ഞ വർഷം കൂട്ട കൃഷിയാണ് ചെയ്തിരുന്നത് . എന്നാൽ ഈ വർഷം ക്വട്ടേഷൻ വിളിച്ചതിനു ശേഷം കൂട്ട കൃഷി ഒഴിവാക്കാനുള്ള കാരണം വ്യക്തമല്ല.

2. മുൻ വർഷം 5,28,000/- രൂപക്ക് ലേലം കൊടുത്ത ചിറ ഈ വർഷം ആദ്യ ലേലത്തിൽ 8,25,000/- രൂപയ്ക്ക് ലേലം വിളിച്ചിട്ടും തുക കുറഞ്ഞ് പോയതിനാലാണ് ലേലം ഒഴിവാക്കിയത് എന്നതിനും മറുപടി നൽകേണ്ടതാണ്.
4. ഇത് പുനർലേലം ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല.

3. മുൻവർഷത്തെ കുടിശ്ശിക ഈടാക്കാത്തതിന്റെ കാരണം വ്യക്തമല്ല.

ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (Enq. No. 12 Dtd 14-07-2023) മറുപടിയായി കൂട്ട കൃഷി ഒഴിവാക്കാനുള്ള കാരണം വ്യക്തമായി പറഞ്ഞിട്ടില്ല. മുൻവർഷം ചിറ ലേലം ചെയ്ത ഭാസ്കരൻ പാതാപ്പിള്ളി എന്നയാൾ ചിറ ലേലം ചെയ്യുന്നതിന് എതിരേ ബഹു. ഹൈക്കോടതിയിൽ WP(c) 5595/23 പ്രകാരം പെറ്റീഷൻ ഫയൽ ചെയ്യുകയും കോടതി താൽക്കാലിക വിധി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി വിധിയിൽ ലേലം ചെയ്യുന്നതിന് പഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ലേലത്തിന്റെ തുടർ നടപടികൾ ടി പെറ്റീഷന്റെ അന്തിമ വിധിക്ക് വിധേയമായിരിക്കും എന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പുനർ ലേലം ചെയ്തില്ല എന്നും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയായി പറയുന്നു.

മറുപടി തൃപ്തികരമല്ല. മുൻവർഷം ചിറ ലേലം ചെയ്ത ഭാസ്കരൻ പാതാപ്പിള്ളി എന്നയാൾ കേസിന് പോകാനുള്ള കാരണവും വ്യക്തമല്ല. കോടതി വിധിയിൽ ലേലം ചെയ്യുന്നതിന് പഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ടെങ്കിലും ലേലത്തിന്റെ തുടർ നടപടികൾ ടി പെറ്റീഷന്റെ അന്തിമ വിധിക്ക് വിധേയമായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ചുള്ള വിധിയിൽ വ്യക്തത വരുത്തേണ്ടതും എത്രയും വേഗം ലേലം ഉറപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നിലവിലെ കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

1-28 ലേലം നടക്കാത്തതിന്റെ കാരണം വ്യക്തമല്ല.

പഞ്ചായത്തിന്റെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ മലയാറ്റൂർ തിരുനാളിനോടനുബന്ധിച്ച് നടത്തുന്ന പ്ലോട്ട് ലേലത്തിൽ ആരും പങ്കെടുത്തിട്ടില്ല എന്ന് കാണുന്നു. ഇവ പുനർ ലേലം ചെയ്തതായി കാണുന്നില്ല.

1.

| ലേലം | 2022-23 | 2023-24 (29-3-23) |
|---|---|---|
| പ്ലോട്ട് - I | 40,000 | 40000 |
| പ്ലോട്ട് - II | 40,000 | ലേലത്തിൽ ആരും പങ്കെടുത്തില്ല |
| പ്ലോട്ട് - III | 35,000 | ലേലത്തിൽ ആരും പങ്കെടുത്തില്ല |

ഇവ പുനർ ലേലം ചെയ്ത് നൽകാതിരുന്നതിനും ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്.

2. താഴെ പറയുന്ന കുളങ്ങൾ 24-06-2023- ൽ നടന്ന പുനർലേലത്തിൽ താഴെ പറയും പ്രകാരം ലേലം ചെയ്തുവെങ്കിലും തുക കുറവായതിനാൽ ഉറപ്പിച്ച് നൽകിയില്ല. പിന്നീട് പുനർലേലവും ചെയ്തിട്ടില്ല.

| | മുൻ വർഷം ലേലം ചെയ്തത് | തുക / പേര് |
|---|---|---|
| വെങ്കിളത്ത ചിറയിൽ മത്സ്യം വളർത്തുന്നതും പിടിക്കുന്നതും | 30,000 (1-7-20 To 31-3-23) | 25,000/- (Sr.. Ratheesh Kuzhimattom) |

| | | |
|---|---|---|
| കുറ്റിചിറയിൽ മത്സ്യം വളർത്തുന്നത് | 1,35,000 (1-7-20 To 31-3-23) | 61,550 ( പി പി പാപ്പച്ചൻ) |
| കുന്നപ്പിള്ളി ചിറയിൽ മത്സ്യം വളർത്തുന്നതും പിടിക്കുന്നതും | 15,000 (1-7-20 To 31-3-23) | 2,000/- (Jomon Varappuzhakkaran) |
| കാവുങ്ങൽ കുളത്തിൽ മത്സ്യം വളർത്തുന്നതും പിടിക്കുന്നതും (1-7-20 To 31-3-23) | ആരും പങ്കെടുത്തില്ല | 600 |
| മനയ്ക്ക കുളത്തിൽ മത്സ്യം വളർത്തുന്നതും പിടിക്കുന്നതും | 2,100 (1-7-20 To 31-3-23) | 2,100/- (Jinto Pathrose) |

ഇവ പുനർ ലേലം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. പഞ്ചായത്തിന്റെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ പല ലേലത്തിലും ആരും പങ്കെടുത്തിട്ടില്ല എന്ന് കാണുന്നു. ഇവ പുനർ ലേലം ചെയ്തതായി കാണുന്നില്ല. കൂടാതെ ലേലത്തിന്റെ കാലാവധി കഴിഞ്ഞവ ലേലം ചെയ്തതായി കാണുന്നില്ല.

| ലേലം | (1-7-20 To 31-3-23) | ഈ വർഷം |
|---|---|---|
| മല്ലിക കുളത്തിൽ മത്സ്യം വളർത്തുന്നതും പിടിക്കുന്നതും | ആരും പങ്കെടുത്തില്ല | ആരും പങ്കെടുത്തില്ല |
| വള്ളിയം കുളം മത്സ്യം വളർത്തുന്നതും പിടിക്കുന്നതും (1-7-20 To 31-3-23) | ആരും പങ്കെടുത്തില്ല | ആരും പങ്കെടുത്തില്ല |
| മുണ്ടേ കുളത്തിൽ മത്സ്യം വളർത്തുന്നതും പിടിക്കുന്നതും | 1300(1-7-20 To 31-3-23) | ആരും പങ്കെടുത്തില്ല |

മുകളിൽ പറഞ്ഞ പ്രകാരം പുനർ ലേലം ചെയ്യാതിരുന്നതിനും കാലാവധി കഴിഞ്ഞവ ലേലം ചെയ്യാതിരുന്നതിനും മറുപടി നൽകേണ്ടതാണ്.

ഇതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (Enq. No. 11 Dtd 14-07-2023) ഇത് പുനർലേലം ചെയ്ത് ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. എത്രയും വേഗം പുനർലേലം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 റെസ്റ്റോറേഷൻ ചാർജ് ഫോർ റോഡ് കട്ടിംഗ് - പ്രവൃത്തി ചെയ്തതിന്റെ കൃത്യത പരിശോധിക്കുന്നില്ല.

1. കെ എസ് ഇ ബി യുടെ OFC Cable വലിക്കുന്നതിന് റെസ്റ്റോറേഷൻ ചാർജ് ഫോർ റോഡ് കട്ടിംഗ് ഫീസായി വൗച്ചർ നമ്പർ 122000365 / 31-3-23 പ്രകാരം ₹1,64,080/- ലഭിച്ചിട്ടുണ്ട്.

കാലടി മലയാറ്റൂർ റോഡ് മുതൽ ആശ്രമം റോഡ് വരെയുള്ള 100 മീറ്റർ നീളത്തിൽ OFC Cable വലിക്കുന്നതിനാണ് അപേക്ഷ ലഭിച്ചത്. ഈ അപേക്ഷ പരിശോധിച്ച് താഴെ പറയും പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഫീസ് അടയ്ക്കുന്നതിന് കെ. എസ്. ഇ. ബി. - യോട് ആവശ്യപ്പെട്ടിരുന്നു.

| ഇനം | റോഡിന്റെ നീളം | റോഡിന്റെ ഏരിയ | നിരക്ക് | തുക |
|---|---|---|---|---|
| Concreting Road | 100 M | 60 M2 | 6252.24 | 3,75,134 |
| Tarring (BT) | 33 M | 19.80 M2 | 4680.68 | 92,677 |
| Shoulder | 74 M | 44.40 M2 | 1422.95 | 63179 |

| | | | | |
|---|---|---|---|---|
| | 207 M | | | 5,30,990 |

എന്നാൽ ഈ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക കൂടുതലാണ് എന്നും, ഇത് അംഗീകരിക്കാനാകില്ലെന്നും കെ എസ് ഇ ബി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് മാറ്റി താഴെ പറയും പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും അത് പ്രകാരം ഫീസ് അടയ്ക്കുകയും ചെയ്തു.

| ഇനം | റോഡിന്റെ നീളം | റോഡിന്റെ ഏരിയ | നിരക്ക് | തുക |
|---|---|---|---|---|
| Concreting Road | 30 M | 9 M2 | 6252.24 | 56,270 |
| Tarring (BT) | 33 M | 9.9 M2 | 4680.68 | 46339 |
| Shoulder | 144 M | 43.2 M2 | 1422.95 | 61471 |
| | 207 M | | | 1,64,080 |

2. Jio Digital Fibre Ltd എന്ന സ്ഥാപനത്തിൽ നിന്ന് Fibre Cable വലിക്കുന്നതിന് റെസ്റ്റോറേഷൻ ചാർജ് ഫോർ റോഡ് കട്ടിംഗ് ഫീസായി വൗച്ചർ നമ്പർ 122000364 / 31-3-23 പ്രകാരം ₹1,54,426/- ലഭിച്ചിട്ടുണ്ട്. Jio Digital Fibre Ltd ൽ നിന്ന് ലഭിച്ച അപേക്ഷയോ റോഡിന്റെ പേരോ ഒന്നും ലഭ്യമല്ല. താഴെ പറയും പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി തുക അടച്ചിട്ടുണ്ട്.

| ഇനം | റോഡിന്റെ നീളം | റോഡിന്റെ ഏരിയ | നിരക്ക് | തുക |
|---|---|---|---|---|
| Open Trenching | 150 M | 75 M2 | 1422.95 / M2 | 1,06,721 |
| Tarring (BT) | 7 M | 7 M2 | 4680.68 / M2 | 32,765 |
| Shoulder | 7 M | 10.5 M2 | 1422.95 / M2 | 14,941 |
| | | | | 1,54,427 |

<u>ഓഡിറ്റ് പരാമർശങ്ങൾ</u>

1. മുകളിൽ പറഞ്ഞ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ലഭിച്ചെങ്കിലും ചെയ്ത പ്രവൃത്തിയുടെ അളവ് ലഭ്യമല്ല. അതായത് എത് റോഡിൽ എത്ര മീറ്റർ നീളത്തിൽ കേബിൾ വലിച്ച എന്നതിന് കൃത്യതയില്ല. ഇത് അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

2. സീരിയൽ നം 1 പ്രകാരം 5,30,990/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും പിന്നീട് റോഡിന്റെ ഇനം മാറ്റി തുക ₹1,64,080/- ആക്കി കുറച്ച് നൽകിയതും അന്വേഷിക്കേണ്ടതാണ്.

3. സർക്കാർ ഉത്തരവ് പ്രകാരം ടാർ റോഡിന് മിനിമം ഒരു മീറ്റർ വിതി കണക്കാക്കിയാണ് ആകെ ഏരിയ കണക്കാക്കേണ്ടത്. അത് പ്രകാരം സീരിയൽ നം 2 പ്രകാരമുള്ള Jio Digital Fibre Ltd എന്ന സ്ഥാപനത്തിന്റെ എസ്റ്റിമേറ്റിൽ ഒരു മീറ്റർ വിതി കണക്കാക്കി ഏരിയയുടെ ഫീസ് ഈടാക്കിയെങ്കിലും സീരിയൽ നം 1 പ്രകാരമുള്ള കെ എസ് ഇ ബി - യുടെ എസ്റ്റിമേറ്റിൽ 0.30 M വീതി പ്രകാരമാണ് ഏരിയ കണക്കാക്കിയത്.

4. സീരിയൽ നം 2 പ്രകാരമുള്ള അപേക്ഷ ലഭ്യമല്ല. അത് കൊണ്ട് എപ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും വ്യക്തമല്ല.

5. സീരിയൽ നം 2 പ്രകാരമുള്ള Jio Digital Fibre Ltd എന്ന സ്ഥാപനത്തിന്റെ എസ്റ്റിമേറ്റിൽ Shoulder – ന്റെ വീതി 1.5 മീറ്റർ കണക്കാക്കിയെങ്കിലും സീരിയൽ നം 1 പ്രകാരമുള്ള കെ എസ് ഇ ബി - യുടെ എസ്റ്റിമേറ്റിൽ Shoulder – ന്റെ വീതി 0.30m മീറ്റർ മാത്രമാണ് കണക്കാക്കിയത്.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി ( No. 18 Dtd 18-07-2023) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി-അനുവദനീയമായ പരമാവധി തുകയേക്കാൾ അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ഗവ. യു പി സ്കൂൾ |
| പ്രൊജക്റ്റ് നമ്പർ/പേര് | 183/23<br>സ്റ്റുഡന്റ് പോലീസ് കേഡറ്റ് |
| അടങ്കൽ | ₹50,000/- തനത് ഫണ്ട് |
| ചെലവ് | ₹50,000/ –തനത് ഫണ്ട് |
| ബിൽ നം | വൗച്ചർ നം 22200925 Dt 21.02.23- 25,000/-<br>വൗച്ചർ നം 2200927 Dt 21.02.23 -25,000/- |

മേൽ പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള SNDP HSS, നീലീശ്വരം ; St. Thomas HSS മലയാറ്റൂർ എന്നീ സ്കൂളുകളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റിന്റെ ചെലവുകൾക്കായി ₹25,000/- വീതം ആകെ ₹50,000/- ചെലവാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.4.4 പ്രകാരം പരിശീലനത്തിന് വേണ്ടി വരുന്ന തുകയിൽ പോലീസ് വകുപ്പിൽ നിന്ന് ലഭ്യമാകുന്നത് കിഴിച്ചുള്ള തുക പരമാവധി ഒരു സ്കൂളിന് ₹20,000/- വരെ മാത്രമാണ് അനുവദനീയമായിട്ടുള്ളത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റിന്റെ ആകെ ചെലവ് വിവരങ്ങളോ, പോലീസ് വകുപ്പിൽ നിന്ന് ലഭ്യമായ തുകകളുടെ വിവരങ്ങളോ ലഭ്യമാക്കിയില്ല. കൂടാതെ ഒരു സ്കൂളിന് അനുവദനീയമായ പരമാവധി തുകയേക്കാൾ അധികമായി തുക നൽകിയതായും കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 14-07-2023 ലെ ഓഡിറ്റ് എൻക്വയറി നം 8 ന് മറുപടി ലഭ്യമാക്കിയില്ല. അനുവദനീയമായ പരമാവധി തുകയേക്കാൾ അധികമായി നൽകിയ ₹10,000/- നിരാകരിക്കുന്നു. ഈ തുക തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 10.07.2023 മുതൽ 18.07.2023 വരെ | 2022-23 വാർഷിക ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയത്. |

### 4-2 സംയുക്ത പ്രൊജക്റ്റുകളുടെ വിവരം

| വിഹിതം നൽകിയ | തുക ലഭിച്ച | തൻവർഷം ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | 2022-23 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,60,000 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 1,60,000 | 0 |
| | 2022-23 | 4,49,660 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 4,49,660 | 0 |
| | 2022-23 | 1,80,000 | 38/23-ലൈഫ് ഭവന പദ്ധതി (ജനറൽ) | 1,80,000 | 0 |
| | 2022-23 | 2,25,000 | 85/23-ക്ഷീര കർഷകർക്കുള്ള സബ്സീഡി | 2,25,000 | 0 |
| | 2022-23 | 1,99,989 | 29/23-അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 1,99,989 | 0 |
| | ആകെ | 12,14,649 | | 12,14,649 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 21,500 | 11/23തരിശുനില കൃഷി | 21,500 | 0 |
| | 2022-23 | 75,000 | 85/23-ക്ഷീര കർഷകർക്കുള്ള സബ്സീഡി | 75,000 | 0 |
| | 2022-23 | 5,11,000 | 61/23-നെൽകൃഷി വികസനം- കൂലിച്ചെലവ് സബ്സീഡി | 5,11,000 | 0 |
| | 2022-23 | 1,50,000 | 143/23-ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1,50,000 | 0 |
| | 2022-23 | 3,69,000 | 224/23-എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,69,000 | 0 |
| | ആകെ | 11,26,500 | | 11,26,500 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് ലൈൻ വലിക്കൽ വാർഡ് -9 | 83/29/09/2022 | 72,216 | 0 | 72,216 |

മുൻവർഷങ്ങളിലെയും, 2022-23 സാമ്പത്തിക വർഷം നിക്ഷേപിച്ചതും ഉൾപ്പെടെ KSEBയിൽ 45,76,857/-രൂപയും, KWAയിൽ 45,34,000/- രൂപയും 31/03/2023 ൽ ചെലവഴിക്കാൻ ബാക്കിയുള്ളതായി ബാലൻസ് ഷീറ്റ് പ്രകാരം കാണുന്നു. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂറുകൾ ക്രമീകരിക്കേണ്ടതാണ്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

### 4-5 സ്ഥിരനിക്ഷേപം

ഇല്ല

### 4-6 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് കെ.യു.ആർ.ഡി.എഫ്.സി.വായ്പയിനത്തിൽ വരവില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു | തൻവർഷം എടുത്ത | തൻവർഷം തിരിച്ചടച്ച തുക | വർഷാ വസാനം തിരിച്ച |
|---|---|---|---|---|---|---|---|

| | | | | ണ്ടായിരുന്ന തുക | വായ്പ | | | ടയ്യാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|
| | | | | | | മുതൽ | പലിശ | |
| 1 | കെ.യു.ആർ. ഡി.എഫ്.സി. ലോൺ | സ.ഉ.(എം.എസ്) നം 68/2018 /തസ്വഭവ തീയതി 18.05.2018 | 81,20,000/- | 46,80,000/- | 34,40,000 | 16,10,404/- | - | 65,09,596/- |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2019-20 | 1-27 | 18792 | തോമസ് എസ്.ഐ | 1220104842/08.03.2023 |
| 2020-21 | 1-19 | 7650 | വർഗീസ് | 1220101397/30.08.2022 |
| 2020-21 | 1-19 | 10619 | തോമസ് എസ് ഐ | 1220104842/08.03.2023 |
| 2020-21 | 1-16 | 1920 | സിതാര പ്ലാസ്റ്റിക്സ് | 1220104731/03.03.2023 |
| 2020-21 | 1-16 | 480 | QRP എന്റർപ്രൈസസ് | 12201012229/10.08.2022 |
| 2020-21 | 1-16 | 2400 | റിയൽ ഇമേജ് | 1220103673/24.12.2022 |
| 2019-20 | 1-12 | 2400 | റിയൽ ഇമേജ് | 1220103673/24.12.2022 |
| 2020-21 | 1-16 | 1800 | ഗോൾഡൻ ഗ്രൂപ്പ് | 1220104894/09.03.2023 |
| 2019-20 | 1-12 | 2760 | ഫ്രാൻസ്കോ അഗ്രോ ഫുഡ്സ് | 1220105342/24.03.2023 |
| 2020-21 | 1-16 | 2760 | ഫ്രാൻസ്കോ അഗ്രോ ഫുഡ്സ് | 1220105342/24.03.2023 |
| ആകെ | | 51,581 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-2 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | ഏതാനം സ്ഥാപനങ്ങളുടെ ഒഴികെ തൊഴിൽ നികുതി പിരിച്ചിട്ടുണ്ട് |
| 2018-19 | 1-16 | 2019-20 | 7.4 | നക്ഷത്ര തടാകം കാർണിവൽ 2018 സർക്കാർ അനുമതിയില്ലാതെ ഏറ്റെടുത്ത് നടത്തി – നടത്തിപ്പിൽ ഗുരുതര അപാകതകൾ | സർക്കാർ സാധൂകരണത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിൽ ഈ പരാമർശം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ ആണ്. അക്കൗണ്ട്സ് കമ്മിറ്റിയുടെ പ്രാഥമിക തെളിവെടുപ്പ് 22/09/2021 ാം തീയതി നടന്നിട്ടുള്ളതാണ്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,96,79,835.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,72,16,050.00 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,000.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,41,744.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1 | --- | 10,000.00 | ശ്രീ.രാജൻ പി.കെ,ഹെഡ്മാസ്റ്റർ ഗവ.യു.പി സ്കൂൾ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 72,216 | ശ്രീമതി.ജയറാണി പി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-18 | 64,960, | ശ്രീ.പോൾസൺ, കൃഷി ഓഫീസർ |
| 1-19 | 7,00,000 | ശ്രീ.രാജൻ പി.കെ,ഹെഡ്മാസ്റ്റർ ഗവ.യു.പി സ്കൂൾ |
| 1-20 | 90,805 | ഡോ.ഷൈമ സലിം , മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-21 | 3,73,763 | ഡോ.ഷൈമ സലിം, മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-23 | 40,000 | ശ്രീ.രാജൻ പി.കെ, ഹെഡ്മാസ്റ്റർ ഗവ.യു.പി സ്കൂൾ |
| ആകെ | 13,41,744 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല

(ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ .

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ഡോ. ഷൈമാ സലിം മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മൻസിൽ ഹൗസ് കളമശ്ശേരി എറണാകുളം |
| 2 | ജയറാണി പി, സെക്രട്ടറി ഇൻ ചാർജ്ജ് | അസിസ്റ്റന്റ് സെക്രട്ടറി, മലയാറ്റൂർ നീലീശ്വരം ഗ്രാമ പഞ്ചായത്ത് | വാളൂപ്പറമ്പിൽ വീട്, വട്ടപ്പറമ്പ്, അങ്കമാലി പി.ഒ. |
| 3 | പോൾസൺ, കൃഷി ഓഫീസർ | കൃഷിഭവൻ, മലയാറ്റൂർ | അമ്പലത്തിങ്കൽ വീട്, താന്നിപ്പുഴ പി.ഒ. |
| 4 | രാജൻ പി.കെ, ഹെഡ്മാസ്റ്റർ | GJBS കന്നിയാട്ട്നിരപ്പ്, കുഴിയാറ പി.ഒ, ചോറ്റാനിക്കര | പാലക്കുഴിയിൽ വീട്, തിരുവാണിയൂർ പി.ഒ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1995-96 | എൽ.എഫ്.ഇ.പി-5 -1919/07/11.02.2009 |
| 1996-97(ചെലവ്) | എൽ.എഫ്.ഇ.പി-3-1158/97/28.01.2009 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി-4-281/19.10.2000 |
| 1998-99(ചെലവ്) | എൽ.എഫ്.ഇ-പി4-859/2005 06.12.2006 |
| 1998-99 | എൽ.എഫ്.ഇ-പി-4-1922/2007/18.09.2008 |
| 1999-00 | എൽ.എഫ്.ഇ-പി4-1923/2007/18.09.2008 |

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ-പി-4-1770/2008/07.12.2009 |
| 2001-02 | എൽ.എഫ്.ഇ-പി-4-1382/2003/03.06.2003 |
| 2002-03 | എൽ.എഫ്.ഇ-പി-4-234/2007/13.11.2007 |
| 2003-04 | എൽ.എഫ്.ഇ-പി-4-1771/08/07.12.2008 |
| 2004-05 | എൽ.എഫ്.ഇ-പി-4-1772/08/07.12.2008 |
| 2008-09 | എൽ.എഫ്.ഇ-പി-4-1661/2009/16.03.2010 |
| 2007-08,2009-10, 2010-11 | എൽ.എഫ്.ഇ-പി-4-1399/12 /09.11.2012 |
| 2011-12 | എൽ.എഫ്.ഇ-പി-4- 645/13 /29.05.13/13.06.13 |
| 2012-13, 2013-14 | എൽ.എഫ്.ഇ-പി-4- 1903/14/ 30.12.14 |
| 2014-15 | കെ.എസ്.എ(ഇ കെ എം)പി4- 1351/16/ 04.08.16. |
| 2015-16 | കെ.എസ്.എ.ഇ കെ എം(പി4) 8/2017/25.01.2017 |
| 2016-17 | കെ.എസ്.എ.ഇ കെ എം(പി4) 1909/2017/03.11.2017 |
| 2017-18 | കെ.എസ്.എ.ഇ കെ എം(പി4) 148/2019/12.03.2019 |
| 2018-19 | കെ.എസ്.എ.ഇ കെ എം(പി4) 244/2020/16.03.2020 |
| 2019-20 | കെ.എസ്.എ.ഇ കെ എം(പി4) 131/2022 / 28.02.2022 |
| 2020-21 | കെ.എസ്.എ.ഇ കെ എം(പി4) 132/22 / 12.05.2022 |
| 2021-22 | കെ.എസ്.എ.ഇ കെ എം(പി4) 63/23 / 29.03.2023 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 26-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Malayattoor Neeleswaram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Malayattoor Neeleswaram Grama Panchayat for the year 2022-2023

Date: 10/10/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Malayattoor Neeleswaram Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2.Lack of Panchayath Raj Budget rules adversely affecting budgetary control system.

3.The Asset value shown in Balance Sheet is not traceable to Asset register Due to un supported design of existing asset register.

4.Non inclusion of Notes to accounts in Financial statements and non disclosure of material facts.

5.Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

**2.Other Observations**

1.Net balance of Income & Expenditure account does not match with the amount shown in the Balance sheet.
2.Same account code is given for different bank books.
3.The amount in Demand registers does not match with Financial statements.

Deputy Director,

District Audit Office, Ernakulam

Kerala State Audit Department

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്